ഈ പണികൾ പുരോഗമിച്ചുവരുന്നു. ഇപ്പോൾ പാലംപണിയുടെ പ്രീക്വാളിഫി ക്കേഷൻ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് ഗോശ്രീ ദ്വീപുവികസന അതോറിറ്റി പുതുക്കി തയ്യാറാക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അനുമതി തേടുന്നമുറയ്ക്കേ ഭരണാനുമതി നൽകാനാകുകയുള്ളൂ. ഭരണാ നുമതി ഇല്ലാത്തതിനാൽ പദ്ധതിപ്രവർത്തനത്തിൽ യാതൊരു ബുദ്ധിമുട്ടും ഇപ്പോൾ അനുഭവപ്പെടുന്നില്ല. പാലംപണിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്ന തിനു വേണ്ട പ്രാരംഭചെലവുകൾക്കായി ഒരുകോടി രൂപ ഗോശ്രീ ദ്വീപുവിക സന അതോറിറ്റിക്ക് വായ്പയായി നൽകുന്നതിന് ധനവകുപ്പിന്റെ അനുമതി തേടിയിരിക്കുകയാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പണം അനുവദിക്കുന്ന താണ്.

6. കൊച്ചിയിലെ മെട്രോപോളിറ്റൻ ഡെവലപ്മെന്റ് അതോറിറ്റി

<u>ശ്രീ. കെ. ബാബു</u> : സർ, സംസ്ഥാന സർക്കാർ നിയോഗിച്ച ബാലച ന്ദ്രൻ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് അടുത്ത ജനുവരി 1 മുതൽ ഡെവ ലപ്മെന്റ് അതോറിറ്റികളെല്ലാം നിറുത്തലാക്കാൻ പോകുന്നതായി മനസ്സിലാ ക്കുന്നു. കൊച്ചി ഉൾപ്പെടെയുള്ള അതോറിറ്റികളുടെ കാര്യത്തിൽ ഇതുവരെ ഒന്നും പറഞ്ഞിട്ടില്ല. അതിന്റെ ഭാവിയും അനിശ്ചിതത്വത്തിലാണ്. അവിടത്തെ ജീവനക്കാരുടെ പ്രശ്നത്തിലും വ്യക്തമായ ഒരു തീരുമാനം ഇതുവരെ ഉണ്ടാ യിട്ടില്ല. 1.10.1999 മുതൽ പുതിയ ബിൽഡിംഗ് റൂൾസ് അനുസരിച്ച് അതോറിറ്റി കളിൽ ബിൽഡിംഗിനുള്ള അപേക്ഷകളും വരാതിരിക്കുകയാണ്. അപ്പോൾ പ്രാക്ടിക്കലായിട്ട് ഈ അതോറിറ്റികൾക്ക് പ്രവർത്തനമില്ല. ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റിക്ക് പ്ളാനിംഗ് ഓഫീസുകളില്ല. അതുകൊണ്ട് അതോറിറ്റി കളെ ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റികളുടെ പ്ലാനിംഗ് ഓഫീസുകളായി നിലനിറുത്താനും അവിടത്തെ അതോറിറ്റിയിലെ ജീവനക്കാർക്ക് പ്ലാനിംഗ് കമ്മിറ്റികളിൽ ഓപ്ഷൻ കൊടുക്കാനും തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും നടപ്പിലാ ക്കുന്ന ഡി.ടി.പി.സി. സ്കീമുകളുണ്ട്. അതിനുവേണ്ടി മാസ്റ്റർപ്ലാനുകളെല്ലാം തയ്യാറാകുന്നതിന് ഇന്ന് കോർപ്പറേഷനുകളിലും പഞ്ചായത്തുകളിലും ഒരു സംവിധാനവുമില്ല. പല കോർപ്പറേഷനുകളിലും ടൗൺ പ്ലാനിംഗ് പാസ്സായ എഞ്ചിനീയർമാരില്ല. ടൗൺ പ്ലാനിംഗ് കൈകാര്യം ചെയ്യുന്നത് സിവിൽ എഞ്ചി നീയർമാരാണ്. അതുകൊണ്ട് ഇവിടെ ഈ ഡെവലപ്മെന്റ് അതോറിറ്റികളെ നിലനിറുത്തി ഇവിടെത്തെ ജീവനക്കാർക്ക് ഓപ്ഷൻ കൊടുത്താൽ സഹായ കരമാകുമെന്നാണ് എന്റെ അഭിപ്രായം. ഭരണഘടനയുടെ 73,74 ഭേദഗതി അനുസരിച്ച് മെട്രോപോളിറ്റൻ കമ്മിറ്റി രൂപീകരിക്കാനുള്ള വ്യവസ്ഥയുണ്ടായി രുന്നു. 1994-ലെ കേരള മുനിസിപ്പൽ നിയമത്തിലും മെട്രോപോളിറ്റൻ കമ്മിറ്റി കൾ രൂപീകരിക്കാൻ വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ, അടുത്തകാലത്ത് സെൻ കമ്മിറ്റി, റിപ്പോർട്ട് അംഗീകരിച്ചതിനെത്തുടർന്ന് മെട്രോപോളിറ്റൻ കമ്മി റ്റിയില്ലാതായിരിക്കുകയാണ്. മദ്രാസ് മെട്രോപോളിറ്റൻ ഡെവലപ്മെന്റ് അതോ റിറ്റി വിപുലമായ അധികാരത്തോടുകൂടി നിലനിറുത്തിയിട്ടുണ്ട്. ഹൈദ്രാബാ ദിലെ മെട്രോപോളിറ്റൻ ഡെവലപ്മെന്റ് അതോറിറ്റിയും ഡൽഹി മെട്രോപോ ളിറ്റൻ ഡെവലപ്മെന്റ് അതോറിറ്റിയും എല്ലാം വിപുലമായ അധികാരത്തോടു കൂടി നിലനിറുത്തിയിട്ടുണ്ട്. കൊച്ചി ഡെവലപ്മെന്റ് അതോറിറ്റി നടത്തിക്കൊ ണ്ടിരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് നമുക്ക് നന്നായി അറിയാമെന്നുള്ളതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. അതുകൊണ്ട് വിപുലമായ അധികാരങ്ങളോടുകൂടി കൊച്ചി ഡെവലപ്മെന്റ് അതോറിറ്റി, കൊച്ചി മെട്രോ പോളിറ്റൻ ഡെവലപ്മെന്റ് അതോറിറ്റിയായി നിലനിറുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ഇപ്പോൾ നിറുത്തലാക്കാൻ പോകുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഡിസ്ട്രിക്ട് കമ്മിറ്റികളിൽ ഓപ്ഷൻ നൽകുന്ന കാര്യം ആലോചിക്കണം. ജീവനക്കാർ ആശങ്കയിലാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്ത് ഇക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, സംസ്ഥാനത്തെ പതിനൊന്ന് ജില്ലാ തലസ്ഥാനങ്ങൾ ആസ്ഥാനമാക്കിയും എറണാകുളത്ത് പരിസരദ്വീപുകളുടെ സമഗ്രവികസനം ലക്ഷ്യമാക്കിയും ആകെ പന്ത്രണ്ട് വികസന അതോറിറ്റികളാണ് നിലവിലുള്ളത്. അധികാരവികേന്ദ്രീകരണത്തിന്റേയും വികേന്ദ്രീകൃത ആസൂത്രണത്തിന്റേയും ഫലമായി വികസന അതോറിറ്റികൾ നിർവ്വഹിച്ചുവന്നിരുന്ന പ്രധാനചുമതലകളെല്ലാം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറപ്പെടുന്നതുകൊണ്ട് വികസന അതോറിറ്റികൾ നിർത്തലാക്കണമെന്ന് അധികാര വികേന്ദ്രീകരണകമ്മിറ്റി ശുപാർശ ചെയ്തിരുന്നു. വികസന അതോറിറ്റികളുടെ ഭാവിയെപ്പറ്റി പഠിക്കുന്നതിന് നിയോഗിച്ചിരുന്ന ബാലചന്ദ്രൻ കമ്മിറ്റിയും അതോറിറ്റികൾ ഘട്ടം ഘട്ടമായി നിർത്തലാക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. 1999-ലെ കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് ചട്ടങ്ങൾ പ്രകാരം കെട്ടിടനിർമ്മാണ അപേക്ഷകൾ പരിശോധിക്കുന്നതിനും അനുവദിക്കുന്നതിനുമുള്ള പൂർണ്ണ ചുമതല നഗരസഭകൾഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുകയുണ്ടായി.

ഈ സാഹചര്യത്തിൽ പല വികസന അതോറിറ്റികൾക്കും കാര്യമായ ചുമതലകൾ ഒന്നും നിർവഹിക്കാനില്ലാത്ത അവസ്ഥ സംജാതമായി. ഇക്കാര്യം കണക്കിലെടുത്ത് കാസർഗോഡ്, കണ്ണൂർ, കോട്ടയം, ആലപ്പുഴ എന്നീ വികസന അതോറിറ്റികൾ 31.12.1999-ന് പ്രാബല്യത്തിൽ വരത്തക്കവിധം പിരിച്ചുവിട്ടുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഇതേ കാരണത്താൽ പാലക്കാട് വികസന അതോറിറ്റിയും പിരിച്ചുവിടാൻ തീരുമാനിച്ചിട്ടുണ്ട്. ശേഷിച്ച ഏഴ് വികസന അതോറിറ്റികളിൽ അഞ്ചെണ്ണം മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങൾക്ക് വേണ്ടിയും, ഇടുക്കിയിലേക്ക് മുനിസിപ്പാലിറ്റിപോലുമല്ലാത്ത ജില്ലാകേന്ദ്രമെന്ന പരിഗണനയിലും ഗോശ്രീ വികസന അതോറിറ്റി കൊച്ചിയിലെ ദ്വീപുകളുടെ വികസനത്തിനുവേണ്ടിയുള്ളവയും ആയതിനാൽ അവ തൽക്കാലം തുടരാനാണ് ഉദ്ദേശിക്കുന്നത്.

കൊച്ചി പട്ടണത്തിന്റെയും സമീപത്തുള്ള മുനിസിപ്പാലിറ്റിയുടേയും ഗ്രാമപഞ്ചായത്തുകളുടേയും നഗരാസൂത്രണ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള വിശാല കൊച്ചി വികസന അതോറിറ്റി തൽക്കാലത്തേക്ക് നിലനിറുത്താനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. നിലവിലുള്ള ആവശ്യത്തിന് ഇവ തികച്ചും പര്യാപ്തമായതിനാൽ ഇവയുടെ ഘടന മാറ്റുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഈ സാഹചര്യത്തിൽ കൊച്ചിക്ക് മാത്രമായി ഒരു മെട്രോപോളിറ്റൻ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യമുണ്ട് എന്നു കരുതുന്നില്ല.

7. കവിയൂർ ബ്രാഞ്ച് കനാലിന്റെ പണി പൂർത്തിയാക്കണമെന്ന ആവശ്യം

LIBRARY ARCHIVES Kerala Legislative Assembly